CLASS :7

SOCIAL SCIENCE

# പ്രവർത്തനക്കാർഡ് -1


MENTORS KERALA

## യൂണിറ്റ് 2 : മധ്യകാല ഇന്ത്യ- സാംസ്കാരിക പ്രസ്ഥാനങ്ങൾ

**ഭക്തിപ്രസ്ഥാനം**

ഏഴാം നൂറ്റാണ്ടിൽ തെക്കേ ഇന്ത്യയിലാണ് (തമിഴ്നാടിന്റെയും കേരളത്തിന്റെയും ഭാഗങ്ങൾ) ഭക്തിപ്രസ്ഥാനത്തിന്റെ തുടക്കം. ക്രമേണ ഇതിന്റെ ആശയങ്ങൾ ഉത്തരേന്ത്യയിലേക്കും വ്യാപിച്ചു. ഭക്തിപ്രസ്ഥാനം പല ദേശങ്ങളിൽ പല രീതിയിലാണ് പ്രചരിച്ചത്. വൈഷ്ണവർ, ശൈവവിഭാഗം,ശക്തി വിഭാഗം എന്നിവ ഭക്തിപ്രസ്ഥാനത്തിന്റെ വകഭേദങ്ങളാണ്. നായനാർമാർ ശിവനെയും ആഴ് വാർമാർ വിഷ്ണുവിനെയും ആരാധിച്ചു.

ഭക്തി പ്രസ്ഥാനത്തിന്റെ സവിശേഷതകൾ എഴുതിച്ചേർക്കു...



CLASS :7


SOCIAL SCIENCE

# പ്രവർത്തനക്കാർഡ് -2

## യൂണിറ്റ് 2 : മധ്യകാല ഇന്ത്യ- സാംസ്കാരിക പ്രസ്ഥാനങ്ങൾ

ഭക്തിപ്രസ്ഥാനത്തിന്റെ ഏറ്റവും ശക്തരായ വക്താക്കളിൽ ഒരാളായിരുന്ന കബീർ. ഒരു മുസ്ലിം നെയ്ത്തുകാരനായിരുന്ന കബീർ.ഒരേസമയം അല്ലാഹുവിന്റെയും ശ്രീരാമന്റെയും സന്തതിയാണ് താനെന്ന് കബീർ ഉദ്ഘോഷിച്ചു.ബിജക്,സഖിഗ്രന്ഥ്,കബീർ ഗ്രന്ഥാവലി , അനുരാഗ് സാഗർ എന്നിവ കബീറിന്റെ രചനകളാണ്. 'ദോഹകൾ' എന്നറിയപ്പെട്ടിരുന്ന കീർത്തനങ്ങളിലൂടെയാണ് കബീർ തന്റെ ആശയങ്ങൾ പ്രചരിപ്പിച്ചത്. ഹിന്ദു- മുസ്ലിം ഐക്യത്തിന്റെ ചിഹ്നമായി കബീർ കണക്കാക്കപ്പെടുന്നു. കബീറിന്റെ അനുയായികൾ കബീർ പാന്ത് എന്നറിയപ്പെട്ടു.

പദസൂര്യൻ പൂർത്തിയാക്കൂ...



CLASS :7

SOCIAL SCIENCE

# പ്രവർത്തനക്കാർഡ് -3


MENTORS KERALA

## യൂണിറ്റ് 2 : മധ്യകാല ഇന്ത്യ- സാംസ്കാരിക പ്രസ്ഥാനങ്ങൾ

ഭക്തിപ്രസ്ഥാനത്തിന്റെ പ്രചാരകർ ജനിച്ച സംസ്ഥാനം താഴെപ്പറയുന്ന മാപ്പിൽ അടയാളപ്പെടുത്തു...

ബസവണ്ണ , മീരാബായ് , കബീർദാസ്,

കാരയ്ക്കൽഅമ്മയാർ , ഭഹനാബായ്



CLASS :7

SOCIAL SCIENCE

# പ്രവർത്തനക്കാർഡ് -4


## യൂണിറ്റ് 2 : മധ്യകാല ഇന്ത്യ- സാംസ്കാരിക പ്രസ്ഥാനങ്ങൾ

ഭക്തിപ്രസ്ഥാനത്തിന്റെ ഫലങ്ങൾ

ഇഷ്ടദൈവത്തോടുള്ള അടിയുറച്ച ഭക്തിയിൽ അധിഷ്ഠിതമായിട്ടാണ് ഭക്തിപ്രസ്ഥാനം ആരംഭിച്ചതെങ്കിലും കാലക്രമത്തിൽ ഇന്ത്യയൊട്ടാകെ വ്യാപിച്ച് ജാതിവ്യവസ്ഥയ്ക്കും അടിച്ചമർത്തലിനും എതിരെ ജനങ്ങളെ ചിന്തിപ്പിക്കാൻ ഈ പ്രസ്ഥാനത്തിന് കഴിഞ്ഞു. ദൈവത്തിന്റെ മുന്നിൽ ഉയർന്നവരും താഴ്ന്നവരുമില്ലെന്നും എല്ലാവരും സമന്മാരാണെന്നും ഉദ്ഘോഷിച്ചുകൊണ്ട് പുരോഹിത മേധാവിത്വത്തിനെതിരെ ചിന്തിക്കാൻ ജനങ്ങളെ പ്രേരിപ്പിച്ചു.

ഭക്തിപ്രസ്ഥാനത്തിന്റെ ഫലങ്ങൾ എന്ന ആശയപടം പൂർത്തിയാക്കൂ...

SK



CLASS :7

SOCIAL SCIENCE

# പ്രവർത്തനക്കാർഡ് -5

MENTORS KERALA

## യൂണിറ്റ് 2 : മധ്യകാല ഇന്ത്യ- സാംസ്കാരിക പ്രസ്ഥാനങ്ങൾ

എ )പട്ടിക പൂർത്തിയാക്കുക...

| പ്രാദേശികഭാഷ | കൃതി | രചയിതാവ് |
|---|---|---|
| തമിഴ് | ............................... | നായനാർമാർ |
| ............................. | വചനങ്ങൾ | ബസ്സവണ്ണ അക്ക, മഹാദേവി അല്ലമ പ്രഭു |
| തെലുങ്ക് | ............................... | നന്നയ്യ , യരപ്രകദ |
| ബംഗാളി | ഗീതാഗോവിന്ദം | ................................ |
| ഹിന്ദി | ................................. | മാലിക് മുഹമ്മദ് ജയ്സി |
| മലയാളം | ജ്ഞാനപ്പാന | ............................. |

ബി )ചേരുംപടി ചേർക്കുക..

| | |
|---|---|
| അനുഭവ മണ്ഡപം | ........................... |
| ........................... | ദോഹകൾ |
| സിക്കുമതം | ........................... |
| ........................... | കൃഷ്ണഭജനകൾ |

( ഗുരുനാനാക്ക്, മീരാബായ്, ബസവണ്ണ, കബീർദാസ് )

SK

CLASS :7

SOCIAL SCIENCE

MENTORS KERALA


# പ്രവർത്തനക്കാർഡ് -6

## യൂണിറ്റ് 2 : മധ്യകാല ഇന്ത്യ- സാംസ്കാരിക പ്രസ്ഥാനങ്ങൾ

**മധ്യകാലഘട്ടത്തിൽ ഇന്ത്യൻ സമൂഹത്തിൽ പൊതുവേ കടുത്ത ഉച്ചനീചത്വങ്ങളും സാമൂഹികാസമത്വങ്ങളും നിലനിന്നിരുന്നു.ഈ സാഹചര്യത്തിൽ മനുഷ്യരെ ഒരുമിപ്പിച്ച് സംഘർഷങ്ങൾ കുറച്ച് സമാധാനന്തരീക്ഷം സൃഷ്ടിക്കുന്നതിൽ ഭക്തി -സൂഫി പ്രസ്ഥാനങ്ങൾ വലിയ പങ്കുവഹിച്ചിട്ടുണ്ട്. വ്യത്യസ്ത മതങ്ങളിലെ ആശയങ്ങൾ സാധാരണക്കാരിൽ എത്തിക്കാൻ ഈ പ്രസ്ഥാനങ്ങൾക്ക് കഴിഞ്ഞു.വിവിധ ജാതി മതവിഭാഗങ്ങളിൽ ഉൾപ്പെട്ടിരുന്ന ജനങ്ങൾക്ക് സഹവർത്തിത്വത്തോടെ കഴിയാൻ ഭക്തി-സൂഫി ആശയങ്ങളുടെ സ്വാധീനം സഹായകമായി. ആധുനിക ഇന്ത്യൻ സമൂഹത്തിന്റെ മുഖമുദ്രകളായ സാമുദായിക സൗഹാർദം, നാനാത്വത്തിൽ ഏകത്വം, സാഹോദര്യം, തുല്യത,ബഹുസ്വരത തുടങ്ങിയ ഭക്തി-സൂഫി ആശയങ്ങളുടെ പ്രേരണയിൽ നിന്ന് രൂപം കൊണ്ടവയാണ്.**

SK

### ആശയങ്ങൾ കൂട്ടിച്ചേർക്കൂ.....



SK